**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 567** **28-06-2022 - ൽ മറുപടിയ്ക്ക്**

**കരിമണൽ ഖനനവുമായി ബന്ധപ്പെട്ട നിയമ ഭേദഗതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ്,<br>ശ്രീ. അനൂപ് ജേക്കബ് ,<br>ശ്രീ. പി. ജെ. ജോസഫ്,<br>ശ്രീ. മാണി. സി. കാപ്പൻ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | കരിമണൽ ഖനനവുമായി ബന്ധപ്പെട്ട് കേന്ദ്രസർക്കാർ കൊണ്ടുവന്ന നിയമ ഭേദഗതി സംസ്ഥാനത്തെ എപ്രകാരം ബാധിക്കുമെന്ന് വിലയിരുത്തൽ നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ഉണ്ട്. മൈൻസ് & മിനറൽസ് (ഡവലപ്പ്മെന്റ് & റെഗുലേഷൻ) 1957 ആക്ടിലെ ഒന്നാമത്തെ ഷെഡ്യൂളിലെ പാർട്ട് - ബി യിൽ ഉൾപ്പെടുന്നതും നാളിതുവരെ തന്ത്രപ്രധാന ഗണത്തിൽ പരിഗണിച്ച് വന്നിരുന്നതുമായ 12 ധാതുക്കളിൽ 8 എണ്ണത്തെ ആക്ടിൽ പ്രത്യേകമായി പാർട്ട് - ഡി രൂപീകരിച്ച് അതിലേക്കു മാറ്റി അവയുടെ ലേലം സംസ്ഥാന സർക്കാരിന്റെ അധികാരത്തിനു ഉപരിയായി കേന്ദ്ര സർക്കാരിനെ അധികാരപ്പെടുത്തു വാനാണ് ആക്ടിലെ ഭേദഗതിയോടെ നടപ്പിൽ വരുത്തുവാൻ ശ്രമിക്കുന്നത്. നിലവിൽ, എം എം (ഡി & ആർ) ആക്ടിന്റെ സെക്ഷൻ 5(1) ന്റെ മൂന്നാമത്തെ പ്രോവിസോയിൽ വ്യവസ്ഥ ചെയ്തിരിക്കുന്ന പ്രകാരം സർക്കാർ സ്ഥാപനങ്ങൾക്ക് മാത്രമാണ് അറ്റോമിക് മിനറൽസ് ഖനനം ചെയ്യുന്നതിനുള്ള മൈനിങ് ലീസ് ലഭ്യമാകുന്നത്. ആ വ്യവസ്ഥ ആണ് ആക്ടിലെ ഭേദഗതിയോടെ മാറ്റം വരുത്തുവാൻ ശ്രമിക്കുന്നത്. ആക്ടിൽ നടപ്പിൽ വരുത്തുവാൻ ഉദ്ദേശിക്കുന്ന ഈ ഭേദഗതി ഭരണഘടനാപരവും രാജ്യസുരക്ഷാപരവും പാരിസ്ഥിതികവും സാമൂഹിക - സാമ്പത്തികപരവുമായി സംസ്ഥാനത്തിന്റെ പൊതു താൽപര്യങ്ങൾക്കു വിരുദ്ധമാണ്. |
| (ബി) | പുതിയ ഭേദഗതിയിലൂടെ ഖനന മേഖലയിൽ പൊതുമേഖലയ്ക്കുണ്ടായിരുന്ന പ്രാധാന്യം നഷ്ടപ്പെടുന്നത് പരിഹരിക്കാൻ എന്ത് നടപടിയാണ് സ്വീകരിച്ചിരിക്കുന്നത്; | (ബി) | നിയമഭേദഗതി നിലവിൽ വന്നിട്ടില്ല |
| (സി) | ഖനന മേഖലയിൽ സ്വകാര്യ പങ്കാളിത്തം ഉറപ്പാക്കാൻ നയപരമായ തീരുമാനം കൈക്കൊണ്ടിട്ടുണ്ടോയെന്നറിയിക്കാമോ? | (സി) | കരിമണൽ ഖനന മേഖലയിൽ സ്വകാര്യ പങ്കാളിത്തം കൊണ്ടുവരുന്നതിനുള്ള നയപരമായ യാതൊരു തീരുമാനവും സർക്കാർ കൈക്കൊണ്ടിട്ടില്ല |

സെക്ഷൻ ഓഫീസർ